## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം.172 — 03/10/16-ൽ മറുപടിക്ക്

### കെട്ടിടങ്ങൾക്ക് സുരക്ഷാ ആഡിറ്റ്

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ:

**മറുപടി**

ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) അതീവ സുരക്ഷ മേഖലയായ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപത്തുള്ള കെട്ടിടത്തിലെ തീപിടിത്തത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സുരക്ഷാ ആഡിറ്റ് നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | എ) സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപം സ്ഥിതിചെയ്യുന്ന എല്ലാ കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനായി 31.08.16 ലെ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതും, ടി കമ്മിറ്റി അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുള്ളതുമാണ്. |
| ബി) സംസ്ഥാനത്ത് ഏത് കാലയളവ് വരെയാണ് സുരക്ഷാ ആഡിറ്റ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) സംസ്ഥാനത്ത് 2016 വരെ അഗ്നിബാധ തടയുന്നതിനായി സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |
| സി) സുരക്ഷാ ആഡിറ്റിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | സി) സുരക്ഷാ ആഡിറ്റ് സംബന്ധിച്ച റിപ്പോർട്ടിലെ കണ്ടെത്തൽ പ്രകാരം അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ കാര്യക്ഷമ മാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുകയും ടി വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ കളക്ടർ തുടങ്ങി ഉത്തരവാദപ്പെട്ടവരെ അറിയിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ